## 486

1 ആനന്ദമായ് നമ്മളേവരും കൂടി അരുമരക്ഷകനാമേശുവിനെ
അനുദിനം പാടിപ്പുകഴ്ത്തിടണം അനുഗ്രഹദായകനെ

ആനന്ദമേ നിത്യാനന്ദമേ എന്നാത്മാവിലെന്നും നിത്യാശ്വാസമേ
ഭംഗമില്ലാ പ്രത്യാശയാലെന്നാമയമകന്നിടുമേ

2 കരുണയോടെന്നെ കൈവിടാതെന്നും കണ്മണിപോലവൻ കാത്തിടും
കന്മഷം നീക്കി കണ്ണീർ തുടയ്ക്കും കൃപയെഴും തൻകരത്താൽ

3 കഠിനമാം കാറ്റും തിരകളുമെൻ പടകിൽ വന്നടിക്കും വേളകളിൽ
കടലും വൻകാറ്റുമടക്കിയെന്നെ കാത്തിടും-ഹല്ലേലുയ്യാ-

4 യോർദ്ദാൻ നാം കടക്കും തൻബലത്താൽ യെരിഹോ നാം തകർക്കും
സ്തുതിദ്ധ്വനിയാൽ യേശുവിൻ നാമത്തിൽ ജയം വരിക്കും
എന്നും നാം - ഹല്ലേലുയ്യാ-

5 പരിശുദ്ധജനങ്ങളിൽ പാടുകളെല്ലാം പരിണമിക്കും സ്വർഗ്ഗസൗഭാഗ്യമായ്
പരിഭവം നീങ്ങിയുണർന്നിരിപ്പിൻ പ്രതിഫലം തന്നിടും താൻ- **M.E.C.**